ഇപ്രകാരം 2010-11 സാമ്പത്തിക വർഷത്തെ റവന്യൂ ഗ്യാപ്പ് 1229.63 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തെ താല്കാലിക കണക്ക് പ്രകാരം നഷ്ടം 1272.90 കോടി രൂപയുമാണ്. നിലവിലെ ബോർഡിന്റെ കടബാദ്ധ്യതകൾ 23-11-2015 പ്രകാരം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

ഓവർ ഡ്രാഫ്റ്റ്	1635.70
ഹ്രസ്വകാല വായ്പ	2500.00
മദ്ധ്യകാല വായ്പ	313.89
ദീർഘകാല വായ്പ	1455.52
ആകെ	5905.11 കോടി രൂപ

വൈദ്യുതി ചാർജ് കുടിശ്ശിക

8 (375) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ ശരാശരി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയായിരുന്നെന്നും നിലവിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയുടെ കുടിശ്ശിക എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശികയിനത്തിൽ സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും എത്ര തുക അടയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കുടിശ്ശിക അടയ്ക്കുന്നതിൽ എത്ര തുകയുടെ ഒഴിവാക്കൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-ലെ താൽക്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി.-യുടെ പ്രതിമാസ

വരവ് - 867.74 കോടി രൂപ

ചെലവ് - 974.43 കോടി രൂപ

(ബി) വൈദ്യുതി ചാർജ് കുടിശ്ശിക ത്രൈമാസമായാണ് കണക്കാക്കുന്നത്. 30-6-2011 കണക്കുപ്രകാരം 1202.59 കോടി രൂപയാണ് കുടിശ്ശികയിനത്തിലുണ്ടായിരുന്നത്. 30-9-2015-ലെ കണക്കു പ്രകാരം നിലവിലുള്ള കുടിശ്ശിക 1961.57 കോടി രൂപയാണ്. ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശികയായ 917 കോടി രൂപയിൽ 500 കോടി രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ സർക്കാരിനു നൽകേണ്ട തുകയിൽ നിന്നും വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 30-9-2015-ലെ കണക്കുപ്രകാരം കുടിശ്ശിക അടയ്ക്കേണ്ടവരുടെ വിശദാംശം താഴെ കൊടുക്കുന്നു :

1.	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	0.28 കോടി രൂപ
2.	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	120.86 കോടി രൂപ
3.	അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ (സംസ്ഥാനം)	1106.31 കോടി രൂപ
4.	അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ (കേന്ദ്രം)	48.36 കോടി രൂപ

(ഡി) 30-9-2015-ലെ ത്രൈമാസ കണക്കു പ്രകാരം 664.69 കോടി രൂപയാണ് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും കുടിശ്ശിക വരുത്തിയിട്ടുള്ളത്.

(ഇ) കുടിശ്ശിക തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 5 വർഷത്തിൽ കൂടുതൽ വന്ന കുടിശ്ശിക തുകയുടെ പലിശ 18%-ൽനിന്നും 6% ആയും 2 വർഷത്തിൽ കൂടുതലുള്ള തുകയ്ക്ക് 8% ആയും പലിശയിളവ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)

1	സർക്കാർ സ്ഥാപനം - ജനറൽ ഹോസ്പിറ്റൽ, എറണാകുളം	3.06 കോടി രൂപ
2	പൊതുമേഖലാ സ്ഥാപനം (കേന്ദ്ര സർക്കാർ) - ഫാക്ട്, ഉദ്യോഗമണ്ഡൽ	12.91 കോടി രൂപ
3	പൊതുമേഖലാ സ്ഥാപനം (സംസ്ഥാന സർക്കാർ) - ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് (റ്റി.സി.സി.)	105.87 കോടി രൂപ
4	സ്വകാര്യ സ്ഥാപനം - ബിനാനി സിങ്ക് ലിമിറ്റഡ്	50.50 കോടി രൂപ

മസ്ദൂർ നിയമനം

9 (376) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ മസ്ദൂർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേക്ക് യഥാസമയം പ്രൊമോഷൻ നൽകി മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-9-2013. ഇതുവരെ 1877 പേർക്ക് നിയമനം നൽകി. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു :

ജില്ലകൾ	എണ്ണം
തിരുവനന്തപുരം	177
കൊല്ലം	17
ആലപ്പുഴ	20

LIBRARY ARCHIVES Kerala Legislative Assembly